(ബി) സ്ഥാപിച്ച സ്ഥലങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, പ്രവൃത്തി നടത്തിയ അക്രെഡിറ്റഡ് ഏജൻസി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സർക്കാർ, കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിതരണം ഏറ്റെടുക്കുന്ന ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപനം, എൽ.ഇ.ഡി. ലാമ്പ് വിതരണം മുതലായ പ്രവൃത്തികൾക്ക് കരാർ ഏൽപ്പിക്കാവുന്നതും കരാർ എടുക്കുന്നതിന് അംഗീകാരമുള്ളതുമായ അക്രെഡിറ്റഡ് ഏജൻസികൾ/അപ്രൂവ്ഡ് ഏജൻസികൾ ഏതെല്ലാം എന്ന് സ്ഥാപനത്തിന്റെ പൂർണ്ണമേൽവിലാസം സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് കൊല്ലം ജില്ലയിലൊഴികെ മറ്റെല്ലായിടത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി.ഏറ്റെടുത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരും അനുബന്ധമായി ചേർക്കുന്നു.* ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. മത്സര സ്വഭാവമുള്ള ദർഘാസുകൾവഴി ഇത്തരം പ്രവൃത്തികൾ വിവിധ കരാറുകാരെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

പവർകട്ടും ലോഡ്ഷെഡിംഗും

10 (3667) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ പവർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ നിലവിലുണ്ടോ ;

(ബി) എങ്കിൽ എത്ര സമയമാണ് നിശ്ചയിച്ചിരിക്കുന്നത് ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് നമ്മുടെ വൈദ്യുതനിലയങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നത് ;

(ഡി) കഴിഞ്ഞ ആറ് മാസങ്ങൾക്കുള്ളിൽ ഉൽപ്പാദനത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റ് ആണെന്ന് അറിയിക്കുമോ ;

(ഇ) ഇത് മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) കേരളത്തിൽ ഇപ്പോൾ പവർകട്ട് ഇല്ല. വൈകുന്നേരം 6.30 മുതൽ 9.30 വരെ 45 മിനിറ്റ് വീതം ലോഡ്ഷെഡിംഗ് ഇപ്പോൾ നിലവിലുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 35 മുതൽ 40 ശതമാനം വരെ.

(ഡി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഉൽപ്പാദനത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. എന്നാൽ ശബരിഗിരി പവർ ഹൗസിലെ പെൻസ്റ്റോക്ക് 2-ലെ ബട്ടർഫ്ളൈ വാൽവ് മാറ്റി വയ്ക്കുന്നതിനായി ടി പവർഹൗസിന്റെ പ്രവർത്തനം പൂർണ്ണമായി നിർത്തിവച്ചതുമൂലം ഏകദേശം 380 മെഗാവാട്ടിന്റെ കുറവ് ലഭ്യതയിലുണ്ടായിട്ടുണ്ട്.

(ഇ) മേൽ സൂചിപ്പിച്ച പ്രകാരം ഉൽപ്പാദനത്തിലെ കുറവ് പരിഹരിക്കുവാൻ വേണ്ടി പുറമെ നിന്നും വൈദ്യുതി വാങ്ങുവാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കോറിഡോറിന്റെ ലഭ്യത കുറവുമൂലം ഏർപ്പെട്ട കരാർ അനുസരിച്ചുള്ള വൈദ്യുതി മുഴുവൻ ലഭ്യമായിട്ടില്ല. അതിനാൽ ലഭ്യമായ കായംകുളം വൈദ്യുതിയും ഉപയോഗിക്കുന്നുണ്ട്.

## മൂന്നാർ ടണൽ ഇൻലെറ്റിനു പുറത്ത് കച്ചവടത്തിന് അനുവാദം നൽകിയ നടപടി

11 (3668) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൂന്നാർ ഹൈഡൽ ടൂറിസത്തിലേക്ക് എത്രപേരെ നിയമിക്കുകയുണ്ടായി ; ഏതു ജോലിക്കാണ് ഇവരെ നിയമിച്ചത് ; എന്തു യോഗ്യതയായിരുന്നു വേണ്ടിയിരുന്നത് ; ഏതു വ്യവസ്ഥയിലാണ് നിയമിച്ചത് ; തുടങ്ങിയ വിവരങ്ങളുടെ വിശദാംശം നൽകാമോ ;

(ബി) മൂന്നാർ ടണൽ ഇൻലെറ്റിന്റെ പുറത്ത് കച്ചവടസ്ഥാപനങ്ങളും ഹോട്ടലുകളും നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ ; കരാർ അടിസ്ഥാനത്തിലാണോ അനുവാദം നൽകിയത് ; ഇപ്രകാരമുള്ള കരാറിന് നിയമസാധുത ഉണ്ടോ ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കരാർ നിയമപ്രകാരമാണെങ്കിൽ ആരൊക്കെയാണ് കരാറിൽ ഏർപ്പെട്ടതെന്നും ഇപ്പോൾ ഡയറക്ടർ ഇൻ-ചാർജ്ജായ ഉദ്യോഗസ്ഥന് കരാറിൽ ഏർപ്പെടാൻ അധികാരമുണ്ടോയെന്നും ഇതിന് നിയമസാധുത ഉണ്ടോയെന്നും അറിയിക്കുമോ ; കാച്ച്മെന്റ് ഏരിയയിലും ടണൽ ഇൻലെറ്റിലും ഔട്ട് ലെറ്റിലും സർക്കാർ അനുമതിയില്ലാതെ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) ഡി.ഡി.സി.-യിൽ ഹാജരാകേണ്ട ആവശ്യമില്ല എന്ന് ഡയറക്ടർ ഡി.ഡി.സി.-യെ അറിയിച്ചത് ബോർഡിന്റെയോ സർക്കാരിന്റെയോ അനുവാദത്തോടെയാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) തെരഞ്ഞെടുപ്പുകാലത്ത് വിജ്ഞാപനം നിലനിൽക്കെ പുതിയ നിയമനം നടത്തിയത് എന്ത് അടിസ്ഥാനത്തിലാണ് ; ഇതിനിടയായ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly